# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*736** **07.11.2016 ൽ മറുപടിയ്ക്ക്**

## കൃഷിക്കുപയുക്തമായ ഭൂമിയുടെ വിനിയോഗം

ചോദ്യം

**ശ്രീ.പി.ഉബൈദുള്ള**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.പി.കെ.ബഷീർ**
**ഡോ.എം. കെ. മുനീർ**

മറുപടി

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) കൃഷിക്കുപയുക്തമായ ഭൂമിയുടെ പരമാവധി വിനിയോഗം ഉറപ്പാക്കുന്ന കാര്യത്തിൽ കൃഷിഭവനുകൾ വഹിക്കുന്ന പങ്ക് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ ഭൂമി മാപ്പിംഗിലൂടെ കണ്ടെത്തി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷി ഭവൻ തലത്തിൽ പരമാവധി വിനിയോഗം ഉറപ്പാക്കുന്നതിലേയ്ക്ക് വിവിധ തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് കൃഷി യോഗ്യമായ ഭൂമി കൃഷി ഭവൻ തലത്തിൽ കണ്ടെത്തി പരമാവധി വിനിയോഗിക്കുകയും ചെയ്യുന്നു. |
| ബി) തരിശായിക്കിടക്കുന്നതോ, പൂർണ്ണമായി ഉപയോഗപ്പെടുത്താത്തതോ ആയ ഭൂമി കരാറടിസ്ഥാനത്തിൽ ഏറ്റെടുത്തു കൃഷി ചെയ്യുന്നതിനുള്ള പദ്ധതി കൃഷിഭവൻ തലത്തിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ അത്തരം ഭൂമിയെ സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ; | ബി) സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2008 ലെ കേരള നെൽ വയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശുനിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി കെ.എസ്.ആർ.ഇ.സി. യുടെ സഹകരണത്തോടെയുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇതിലേയ്ക്കായി 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിനു പുറമേ തരിശ് കിടക്കുന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തു് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ പദ്ധതി |

രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു നിലത്തിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000 രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചിലവുകൾക്കായി 25000 രൂപയുമാണ് നൽകുന്നത്. കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും, പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുക്കളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

സി) സംസ്ഥാനത്തൊട്ടാകെ അത്തരത്തിലുള്ള എത്രഭൂമി കണ്ടെത്തിയിട്ടുണ്ട്;ഈ പദ്ധതിയിൻകീഴിൽ കരാറടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്ത് കൃഷി ആരംഭിച്ചിട്ടുണ്ടോ;വിശദവിവരം നല്കുമോ?

സി) 2016-17 വർഷം, തരിശായിക്കിടക്കുന്ന നെൽ വയലുകളിൽ പരമാവധി നെൽ കൃഷി നടപ്പിലാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1054.77 ഹെ. സ്ഥലത്ത് തരിശു കൃഷി ആരംഭിക്കുകയും 1321.17 ഹെക്ടർ സ്ഥലത്ത് തരിശു നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഈ വർഷം തന്നെ കൃഷി ആരംഭിക്കുന്ന വിധം സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. നിലവിൽ കരാർ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്ത് നെൽ കൃഷി ആരംഭിച്ചിട്ടില്ല.

S. [signature]
സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കൃഷിയ്ക്ക് ഉപയുക്തമാക്കുന്ന ഭൂമി പരമാവധി വിനിയോഗം ഉറപ്പാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ തഴെ വിവരിച്ചിട്ടുള്ള നെൽ കൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1.** സുസ്ഥിര നെൽകൃഷിവികസനം

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാദികളുടെ ചിലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**<u>2. വികസന ഏജൻസികൾക്കുള്ള ഫണ്ട് .</u>**

നെൽകൃഷി അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായ് 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു .

**<u>3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം .</u>**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര,, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസുമതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ ,തൃശ്ശൂർ ,എറണാകുളം പാലക്കാട്,വയനാട്,കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**<u>4. പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി</u>**

പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**<u>5. കരനെൽകൃഷി വികസനം</u>**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>6. നെൽകൃഷി ഉൽപ്പാദന ബോണസ്(നോൺ പ്ലാൻ)</u>**

നെൽകർഷകർക്ക് ഉൽപ്പാദനബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**<u>7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി</u>**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റുവിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-2017 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

**8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി(എൻ.എഫ്.എസ്.എം) .**

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**